# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5638 — 24/05/2017-ൽ മറുപടിക്ക്

## കുട്ടികളിലെ ആരോഗ്യ ബോധവത്ക്കരണത്തിനായി പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | ആരോഗ്യ ശീലങ്ങൾക്ക് ഏറ്റവും നല്ല അവബോധം ലഭ്യമാക്കേണ്ട ഇടം വിദ്യാലയം എന്ന നിലയിൽ കുട്ടികളിലെ ആരോഗ്യ ബോധവത്ക്കരണത്തിനായി വകുപ്പ് പുതിയതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉം ബി) യും സി) യും<br>ജീവിത ശൈലീരോഗങ്ങൾക്ക് അടിപ്പെടുന്നവരിൽ ബഹുഭൂരിപക്ഷവും വിദ്യാർത്ഥികളാണ്. അമിതമായ കൊഴുപ്പും കൃത്രിമ നിറവും വൈവിധ്യമാർന്ന രുചിഭേദങ്ങളും പ്രദാനം ചെയ്യുന്ന 'ജങ്ക് ഫുഡ്' ഇന്ന് ഒട്ടുമിക്ക കുട്ടികൾക്കും ഹരമായി മാറിയിട്ടുണ്ട്. ഇതുമൂലം അമിതവണ്ണം, കുടവയർ, നിൽക്കാനും നടക്കാനും വയ്യാത്ത അവസ്ഥ, കിതപ്പ്, ശ്വാസം മുട്ടൽ, ചെറുപ്രായത്തിലുള്ള ഡയബറ്റിസ്, ഉന്മേഷമില്ലായ്മ എന്നിവയൊക്കെ കുട്ടികളെ ബാധിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. തിരക്കുപിടിച്ച ജീവിതചര്യക്കിടയിൽ 'ടിൻ ഫുഡ് - ready to eat' ശ്രേണിയിൽപ്പെട്ട ആഹാര പദാർത്ഥങ്ങൾ എന്നിവ അറിഞ്ഞുകൊണ്ട് തന്നെ കുട്ടികൾക്ക് വാങ്ങി നൽകുന്ന മാതാപിതാക്കളും ഇക്കാര്യത്തിൽ കുറ്റക്കാരാണ്. പഠനത്തോടൊപ്പം കരുത്തുറ്റ ശരീരവും മനസ്സുമുള്ള പുതുതലമുറയാണ് ഉണ്ടാകേണ്ടത്. ഈ ലക്ഷ്യം മുൻ നിർത്തി സ്കൂൾ തലം വരെയുള്ള കുട്ടികൾക്ക് നിശ്ചിത ഇടവേളകളിൽ പ്രതിരോധ കുത്തിവെയ്പുകൾ നടത്തി വരുന്നുണ്ട്. കായികക്ഷമത ഉയർത്തുന്നതിനുള്ള ഒട്ടേറെ മാർഗ്ഗങ്ങൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി തന്നെ നിലനിൽക്കുന്നു. കൂടാതെ സ്കൂൾ തലത്തിൽ എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി (സ്റ്റുഡന്റ് പോലീസ് കേഡറ്റ്) എന്നീ യൂണിറ്റുകൾ മുഖേന വ്യത്യസ്തങ്ങളായ ഒട്ടേറെ വ്യക്തിഗതവും സാമൂഹ്യ പ്രാധാന്യവുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനു പുറമെ വിദ്യാർത്ഥി/വിദ്യാലയ കേന്ദ്രീകൃതമായി കുട്ടികളിലെ ആരോഗ്യ ശീലവും മികച്ച ആരോഗ്യവും ഉറപ്പാക്കുന്നതിനും കായികാധ്വാനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുമായി പ്രത്യേക പരിപാടികൾ നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ബി) | ആരോഗ്യ ബോധവത്ക്കരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്; | |
| സി) | കുട്ടികളിലെ ആരോഗ്യ ശീലവും മികച്ച ആരോഗ്യവും ഉറപ്പാക്കുന്നതിനും, കായികാധ്വാനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുമായി പുതിയതായി എന്തെങ്കിലും സംരംഭങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ